തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
## അറുപത്തിമൂന്നാമത് യോഗതീരുമാനങ്ങൾ
### 2023 നവംബർ 24 വെള്ളിയാഴ്ച, രാവിലെ 10.30 മണിക്ക്

**പങ്കെടുത്തവർ:**

1. ഡോ. സുഷമ എൽ. (വൈസ് ചാൻസലർ) (അദ്ധ്യക്ഷ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി എസ്.വി. കല (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി സുഭാഷിണി തങ്കച്ചി (ഡെപ്യൂട്ടി സെക്രട്ടറി, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. ജെ. പ്രസാദ്
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.ജി. പൗലോസ്
8. ഡോ. കെ.എം. അനിൽ
9. ഡോ. ധന്യ ആർ.

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതിയുടെ 63-ാമത് യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അംഗങ്ങൾ ഉപവിഷ്ടരായപ്പോൾ തന്നെ ഡോ. ജെ. പ്രസാദ് അടിയന്തിര ശ്രദ്ധ ക്ഷണിക്കൽ ആരംഭിച്ചു. യോഗനടപടികൾ പ്രോട്ടോകോൾ പ്രകാരം ക്രമപ്പെടുത്തുവാൻ യോഗനടപടികളുടെ നിയന്ത്രണം ബഹു. വൈസ് ചാൻസലർ ഏറ്റെടുത്തു. തുടർന്ന് സമിതി അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പ്രശസ്ത എഴുത്തുകാരി ശ്രീ വത്സലയുൾപ്പെടെയുള്ളവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.നിർവാഹകസമിതിയുടെ അജണ്ടയും കുറിപ്പുകളും യഥാസമയം ലഭ്യമാകുന്നില്ല എന്ന പ്രശ്നം അംഗങ്ങൾ സമിതിയിൽ ഉന്നയിച്ചു. ഏറ്റവും ചുരുങ്ങിയത് ഏഴു ദിവസം മുമ്പെങ്കിലും യോഗത്തിന്റെ അജണ്ടയും കുറിപ്പുകളും സമിതി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും രണ്ട് മാസത്തിലൊരിക്കൽ നിർവാഹകസമിതി നിർബന്ധമായും ചേരണമെന്നും പൊതുഅഭിപ്രായം ഉണ്ടായി. വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതാണ് ഈ വീഴ്ചക്ക് കാരണമെന്ന് വൈസ് ചാൻസലർ ചൂണ്ടിക്കാട്ടി. നിലവിലെ ഉദ്യോഗസ്ഥരിൽ രണ്ടുപേരെ നിർവാഹകസമിതിയുടെ കാര്യങ്ങൾക്കായി ചുമതലപ്പെടുത്തി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്നും വൈസ് ചാൻസലർ അറിയിച്ചു. തുടർന്ന് വൈസ് ചാൻസലർ കഴിഞ്ഞ നിർവാഹകസമിതിയോഗത്തിനു ശേഷം സർവകലാശാലയിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു.പുരസ്കാരങ്ങൾ നേടുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത മലയാളസർവകലാശാലയിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും യോഗം അഭിനന്ദിച്ചു. തുടർന്ന് അജണ്ടകൾ അവതരിപ്പിച്ച് ചർച്ചകൾ നടന്നു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2023.101**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

ഇനം നമ്പർ: **2023.102**

വിഷയം: **നിർവാഹകസമിതിയുടെ അറുപത്തിരണ്ടാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 62-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2023.103**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: അക്കാദമിക് കൗൺസിലിന്റെ തീരുമാനമനുസരിച്ച് ജർമൻ കോഴ്സ് ആരംഭിച്ച നടപടിയും അതിനായി രണ്ട് അധ്യാപകരെ നിയമിച്ച നടപടിയും അവരുടെ വേതനം പ്രതിമാസം നിശ്ചിത തുകയായ 20,000 രൂപയായി നിജപ്പെടുത്തിയ നടപടിയും സാധൂകരിച്ചു.

വാർഷിക റിപ്പോർട്ട് 2022-23 അംഗീകരിച്ചു.

പിഎച്ച്.ഡി. സർട്ടിഫിക്കറ്റ് അച്ചടിച്ച് വിതരണത്തിന് തയ്യാറാക്കിയ നടപടി സാധൂകരിച്ചു. പരിസ്ഥിതിപഠനം 2021-23, 2022-24 ബാച്ച് വിദ്യാർത്ഥികൾ ഇവിടെത്തന്നെ ഇന്റേൺഷിപ്പ് ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ അപേക്ഷയും സ്കൂളുകളുടെ ശുപാർശയും പരിഗണിച്ച് ഫീസ് തിരികെ നൽകാൻ വൈസ് ചാൻസലർ എടുത്ത നടപടി സാധൂകരിച്ചു.

ജീവനക്കാരുടെ ഇ.പി.എഫ്. അംഗത്വവുമായി ബന്ധപ്പെട്ട് നിർവാഹകസമിതി കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കാൻ വൈസ് ചാൻസലർ എടുത്ത നടപടി സാധൂകരിച്ചു.

വിവരാവകാശ നിയമപ്രകാരം ബോർഡ് സ്ഥാപിച്ച നടപടി സാധൂകരിച്ചു.

ധനകാര്യവിഭാഗത്തിലെ ധനവിനിയോഗസ്ഥിതി അവലോകനം ചെയ്ത യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ വിവിധപഠനസ്കൂളുകളിലേക്ക് 2023-24 അക്കാദമിക വർഷത്തിൽ റിസർവേഷൻ പാലിച്ചുകൊണ്ട് നടത്തിയ അതിഥി അധ്യാപകരുടെ നിയമനങ്ങൾ സാധൂകരിച്ചു.

യു.ജി.സി. 2023 റെഗുലേഷൻ പ്രകാരം, വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി മലയാളസർവകലാശാലയിൽ വിദ്യാർത്ഥികളുടെ പരാതിപരിഹാരസമിതി രൂപീകരിച്ച നടപടി സാധൂകരിച്ചു.

ഇനം നമ്പർ: **2023.104**

വിഷയം: **ചലച്ചിത്രപഠന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധീർ എസ്. സലാമിന് 2018 യു.ജി.സി. റെഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 11 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(2559/യുജിസി CAS /2023 - ഭരണവിഭാഗം)

ഇനം നമ്പർ: **2023.105**

വിഷയം: **ചലച്ചിത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിദ്യ ആർ ന് 2018 യു.ജി.സി. റെഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 11 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(1134/എ5/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.106**

വിഷയം: **സാഹിത്യപഠന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി എൻ. വി. ക്ക് 2018 യു.ജി.സി. റെഗുലേഷൻസ് പ്രകാരം അക്കാദമിക് ലെവൽ 12 ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(3270/എ5/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.107**

വിഷയം: **സംസ്കാരപൈതൃകപഠനസ്കൂൾ അസോസിയേറ്റ് പ്രൊഫസർ ഡോ. സുനീത ടി.വി.ക്ക് 2010 യു.ജി.സി. റെഗുലേഷൻസ് (4-ാം ഭേദഗതി) പ്രകാരം പ്രൊഫസറായി സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(1043/2020/അഡ്മിൻ/എ5 - ഭരണവിഭാഗം)

ഇനം നമ്പർ: **2023.108**

വിഷയം: **രണ്ട് വർഷ കാലാവധി പൂർത്തിയാക്കിയ വിവിധ പഠനസ്കൂളുകളിൽ ഡയറക്ടർമാരെ നിയമിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: രണ്ട് വർഷ കാലാവധി പൂർത്തിയാക്കിയ വിവിധ പഠനസ്കൂളുകളിൽ ഡയറക്ടർമാരെ മാറ്റി നിയമിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(444/2021/എ.എ.ഒ. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.109**

വിഷയം: **സാഹിത്യപഠനസ്കൂൾ ഡയറക്ടർ റൊട്ടേഷൻ ക്രമീകരിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് റാഫി എൻ.വി. നൽകിയ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സ്റ്റാഫ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(444/2021/എ.എ.ഒ. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.110**

വിഷയം: **ഭാഷാശാസ്ത്രസ്കൂളിലെ ഗവേഷകൻ ശ്രീ ശെൽവരാജ് ആർ. ന് പിഎച്ച്.ഡി ബിരുദം അനുവദിക്കുന്ന വിഷയം അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഭാഷാശാസ്ത്രസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്മിത കെ നായരുടെ മാർഗദർശനത്തിൽ 'മലയാളസന്ധിഭേദകം: മാതൃകയും സമീപനവും' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ഭാഷാശാസ്ത്രസ്കൂളിലെ ശ്രീ ശെൽവരാജ് ആർ. ന് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(1924/പിഎച്ച്.ഡി./2022/അക്കാദമികം)

ഇനം നമ്പർ: **2023.111**

വിഷയം: **പിഎച്ച്.ഡി. സർട്ടിഫിക്കറ്റ് വിതരണത്തിനായി കോൺവൊക്കേഷൻ നടത്തുന്നത് സംബന്ധിച്ച്**

തീരുമാനം: പിഎച്ച്.ഡി. സർട്ടിഫിക്കറ്റ് തയ്യാറായിക്കഴിഞ്ഞ സ്ഥിതിക്ക് അപേക്ഷിക്കുന്നവർക്ക് വിതരണം ചെയ്യാവുന്നതാണ്. കോൺവൊക്കേഷൻ നടത്തുന്ന കാര്യം പിന്നീട് തീരുമാനിക്കുന്നതാണ്.

ഇനം നമ്പർ: **2023.112**

വിഷയം: **അരിക്കാഞ്ചിറ ആൺകുട്ടികളുടെ ഗവേഷക ഹോസ്റ്റൽ കെട്ടിട വാടകക്കരാർ 5% വർദ്ധനവോടെ പുതുക്കിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

തീരുമാനം: അരിക്കാഞ്ചിറ ആൺകുട്ടികളുടെ ഗവേഷക ഹോസ്റ്റൽ കെട്ടിട വാടകക്കരാർ 5% വർദ്ധനവോടെ പുതുക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(912/എ2/2021/ഗവേഷക ഹോസ്റ്റൽ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.113**

വിഷയം: **ആലിശ്ശേരി വനിതാഹോസ്റ്റൽ അടുക്കളയിലെ ഗ്രില്ലിന് നെറ്റ് ഇടുന്ന പ്രവൃത്തിയുടെ ചെലവുതുക 57,600/- രൂപയുടെ പകുതി ഹോസ്റ്റൽ കെട്ടിട ഉടമക്ക് അനുവദിച്ച് നൽകണമെന്ന അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ധനകാര്യഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

(1800/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.114**

വിഷയം: **ആലിശ്ശേരി വനിതാഹോസ്റ്റൽ കെട്ടിട വാടകക്കരാർ 5% വർദ്ധനവോടെ പുതുക്കിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

തീരുമാനം: ആലിശ്ശേരി വനിതാഹോസ്റ്റൽ കെട്ടിട വാടകക്കരാർ 5% വർദ്ധനവോടെ പുതുക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(1800/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.115**

വിഷയം: **സർവകലാശാലാ എഞ്ചിനീയർ നിയമനം റിപ്പോർട്ടിങ് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലാ എഞ്ചിനീയർ നിയമനം സാധൂകരിച്ചു.

( - ഭരണവിഭാഗം)

ഇനം നമ്പർ: **2023.116**

വിഷയം: **മെയിൻകാമ്പസ് കെട്ടിടത്തിന്റെ ബിൽഡിംഗുകളുടെ സ്ട്രക്ചറൽ ഡിസൈൻ പുറമെ നിന്നുള്ള ഏജൻസികളിൽ നിന്നു ചെയ്യിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് നിർവാഹകസമിതി നൽകിയ അംഗീകാരം പരിശോധിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: വികസനകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

( - എഞ്ചിനീയറിങ് വിഭാഗം)

ഇനം നമ്പർ: **2023.117**

വിഷയം: **സർവകലാശാലയിലെ വൈദ്യുതി തകരാർ പരിഹരിക്കുന്നതിനുള്ള കേബിൾ വാങ്ങുന്നതിനും മറ്റു അനുബന്ധ പ്രവൃത്തികൾക്കുമായുള്ള ചെലവ് തുക 78,000/- രൂപ എസ്റ്റേറ്റ് ഓഫീസർക്ക് മുൻകൂർ അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സർവകലാശാലയിലെ വൈദ്യുതി തകരാർ പരിഹരിക്കുന്നതിനുള്ള കേബിൾ വാങ്ങുന്നതിനും മറ്റു അനുബന്ധ പ്രവൃത്തികൾക്കുമായുള്ള ചെലവ് തുക 78,000/- രൂപ എസ്റ്റേറ്റ് ഓഫീസർക്ക് മുൻകൂർ അനുവദിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

ഇനം നമ്പർ: **2023.118**

വിഷയം: **മികവ്കേന്ദ്രം കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരണ കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകുന്നതിനായി കോസ്റ്റ്ഫോർഡ് നൽകിയ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 5000 രൂപ പിഴ ഈടാക്കുവാനും, വൈസ് ചാൻസലറും എഞ്ചിനീയറും ചേർന്ന് തുടർനടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചു.

(- ഭരണവിഭാഗം)

ഇനം നമ്പർ: **2023.119**

വിഷയം: **സർവകലാശാലയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമർ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമർ അപ്ഗ്രേഡ് ചെയ്യുന്നത് അംഗീകരിച്ചു.

( - ഭരണവിഭാഗം)

ഇനം നമ്പർ: **2023.120**

വിഷയം: **സർവകലാശാലയിലെ സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സോളാർ ഉപസമിതി റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സർവകലാശാലയിലെ സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സോളാർ ഉപസമിതി റിപ്പോർട്ട് അംഗീകരിച്ചു.

( - ഭരണവിഭാഗം)

ഇനം നമ്പർ: **2023.121**

വിഷയം: **ഇലക്ട്രിക് ഓവർസിയറുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

( - ഭരണവിഭാഗം)

ഇനം നമ്പർ: **2023.122**

വിഷയം: **ജീവനക്കാരെ ഇ.പി.എഫിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ജീവനക്കാരെ ഇ.പി.എഫിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് അംഗീകരിച്ചു.

ഇ.പി.എഫ് സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്ത് സമർപ്പിച്ച റിപ്പോർട്ടിൽ ഇങ്ങനെ നിർദ്ദേശിക്കുന്നു. (നമ്പർ: 2102/ഇ.പി.എഫ്./2021/ഫിൻ. തീയതി: 07.10.2023)

"ഇ.പി.എഫ് ഓഫീസിൽ നിന്നും വന്ന കത്ത് നമ്പർ KR/Ro/KKD/EO/AMK/1614268/2023/3352 തീയതി 25.07.202 പ്രകാരം 2013 സപ്തംബർ മുതൽ 2017

ജൂൺവരെ സർവകലാശാല അടക്കേണ്ട ഇ.പി.എഫ്. വിഹിതത്തിന്റെ മൊത്തം തുക 59,66,592 രൂപയാണ്. എന്നാൽ ഈ തുക കണക്കാക്കിയിരിക്കുന്നത് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 12% ആണ്. എന്നാൽ ഇത് 2013 സപ്തംബർ മുതൽ 2014 ഓഗസ്റ്റ് വരെ 6500 രൂപ സീലിങ് ലിമിറ്റിലും 2014 സപ്തംബർ മുതൽ 2017 ജൂൺവരെ 15000 രൂപ സീലിങ് ലിമിറ്റിലും കണക്കാക്കേണ്ടതാണ്. ഇതിനുവേണ്ട നടപടികൾ സർവകലാശാല എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നും പ്രസ്തുത തുക കണക്കാക്കി കുടിശികയായിട്ടുള്ള ഇ.പി.എഫ്. എപ്ലോയർ വിഹിതം എത്രയും പെട്ടെന്ന് അടക്കേണ്ടതാണെന്നും അറിയിച്ചു."

ഈ നിർദ്ദേശമനുസരിച്ച് ഇ.പി.എഫ്. ഇനത്തിൽ കുടിശിക വന്ന തുക ഉടൻ അടക്കാൻ തീരുമാനിച്ചു.

( - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.123**

വിഷയം: **സർവകലാശാല സാങ്കേതിക ഉപദേശകസമിതി യോഗമിനിറ്റ്സ് - അംഗീകാരം സംബന്ധിച്ച്**

തീരുമാനം: ആസൂത്രണ ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(2053/2023/AAO - ഭരണവിഭാഗം)

ഇനം നമ്പർ: **2023.124**

വിഷയം: **2023.124 തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - പ്രസിദ്ധീകരണ വിഭാഗത്തിൽ ഓഫീസ് അറ്റന്ററായി ജോലി ചെയ്തു വരുന്ന ശ്രീ വിനോദ് കെ. യുടെ സേവനകാലാവധി പുതുക്കി ഉത്തരവായത് - സംബന്ധിച്ച്.**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(2073/2021/എ6/അഡ്മിൻ Vol.III )

ഇനം നമ്പർ: **2023.125**

വിഷയം: **വിദ്യാർത്ഥികൾക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സർവകലാശാലയിൽ സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: വിദ്യാർത്ഥിക്ഷേമകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.126**

വിഷയം: **കലാകായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള 80,000 രൂപ വിനിയോഗിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: വിദ്യാർത്ഥിക്ഷേമകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.127**

വിഷയം: **എൻ.എസ്.എസ്., ആർട്സ്, സ്പോർട്സ് എന്നിവക്ക് ഗ്രേസ്മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പരീക്ഷാ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

(609/2018/എ1/അഡ്മിൻ )

ഇനം നമ്പർ: **2023.128**

വിഷയം: **2019 ബാച്ചിലെ ഗവേഷകരുടെ ഫെലോഷിപ്പ് കുടിശ്ശിക സംബന്ധിച്ച വിഷയം**

തീരുമാനം: വിദ്യാർത്ഥിക്ഷേമകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.129**

വിഷയം: **ഗവേഷകരുടെ ഫെലോഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: വിദ്യാർത്ഥിക്ഷേമകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.130**

വിഷയം: **ഭാഷാശാസ്ത്രസ്കൂൾ ഡോ. എം. ശ്രീനാഥന്റെ സർവീസ്, പെൻഷൻ എന്നിവ സംബന്ധിച്ച വിഷയങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.131**

വിഷയം: **മലയാളസർവകലാശാല നിയമം ഇംഗ്ലീഷിലും മലയാളത്തിലുമുള്ള വൈരുധ്യങ്ങൾ, ആക്ടും സ്റ്റാറ്റ്യൂട്ടും തമ്മിലുള്ള വൈരുധ്യങ്ങൾ എന്നിവ പരിഹരിക്കുന്നതിന് കമ്മിറ്റിയെ നിയോഗിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: നിയമകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.132**

വിഷയം: **നിർവാഹകസമിതിയുടെ സ്ഥിരം ഉപസമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു.

I **പരീക്ഷാ ഉപസമിതി**

1. ഡോ. ധന്യ ആർ.
2. ഡോ. അനിൽ കെ.എം.
3. ഡോ. കെ.ജി. പൗലോസ്
4. വിദ്യാർത്ഥിപ്രതിനിധി

**II സ്റ്റാഫ് ഉപസമിതി**

1. ഡോ. അനിൽ കെ.എം.
2. ഡോ. സി. രാജേന്ദ്രൻ
3. ഡോ. ജെ. പ്രസാദ്
4. ഡോ. ധന്യ ആർ.

**III ഗവേഷണ ഉപസമിതി**

1. ഡോ. അനിൽ കെ.എം.
2. ഡോ. കെ.ജി. പൗലോസ്
3. ഡോ. സി. രാജേന്ദ്രൻ
4. ഡോ. ജെ. പ്രസാദ്
5. ഡോ. ധന്യ ആർ.

**IV വിദ്യാർത്ഥിക്ഷേമ ഉപസമിതി**

1. വിദ്യാർത്ഥി പ്രതിനിധി
2. ഡോ. കെ.ജി. പൗലോസ്
3. ഡോ. ജെ. പ്രസാദ്
4. ഡോ. അനിൽ കെ.എം.
5. ഡോ. ധന്യ

**V ധനകാര്യ ഉപസമിതി**

1. ഡോ. ജെ. പ്രസാദ്
2. ഡോ. അനിൽ കെ.എം.
3. ഡോ. ധന്യ ആർ
4. വിദ്യാർത്ഥി പ്രതിനിധി

**VI നിയമകാര്യ ഉപസമിതി**

1. ഡോ. കെ.ജി. പൗലോസ്
2. ഡോ. ജെ. പ്രസാദ്
3. ഡോ. അനിൽ കെ.എം.
4. ഡോ. ധന്യ ആർ.

**VII ആസൂത്രണ ഉപസമിതി**

1. ഡോ. അനിൽ കെ.എം.
2. ഡോ. സി. രാജേന്ദ്രൻ
3. ഡോ. ജെ. പ്രസാദ്
4. ഡോ. ധന്യ ആർ
5. വിദ്യാർത്ഥി പ്രതിനിധി

**VIII പഠനകേന്ദ്രസമിതി**

1. ഡോ. സി. രാജേന്ദ്രൻ
2. ഡോ. അനിൽ കെ.എം.
3. ഡോ. ധന്യ ആർ
4. വിദ്യാർത്ഥി പ്രതിനിധി

ഇനം നമ്പർ: **2023.133**

വിഷയം: **ഭാഷാശാസ്ത്രസ്കൂൾ ഡോ. എം. ശ്രീനാഥന് 2018 യു.ജി.സി. റെഗുലേഷൻ പ്രകാരം അക്കാദമിക് ലെവൽ 15 (സീനിയർ പ്രൊഫസർ) ലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: C.A.S. പ്രക്രിയയുടെ നടപടികൾക്ക് ശേഷം റിപ്പോർട്ട് നിർവാഹകസമിതിയിൽ അവതരിപ്പിച്ചാൽ മതി.

(3284/ബി/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.134**

വിഷയം: **സാഹിത്യപഠനസ്കൂൾ പ്രൊഫ. ഡോ. ഇ. രാധാകൃഷ്ണന്റെ C.A.S. പ്രമോഷൻ 2010 യു.ജി.സി. റെഗുലേഷൻ പ്രകാരം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

(3072/CAS/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.135**

വിഷയം: **ഭരണവിഭാഗം ഓഫീസ് അസിസ്റ്റന്റ് ശ്രീമതി വർണ്ണന, പബ്ലിക്കേഷൻ വിഭാഗം കമ്പ്യൂട്ടർ അസിസ്റ്റന്റ് ശ്രീമതി രാജശ്രീ എന്നിവർ കരാർ നിയമനം/തസ്തികമാറ്റം എന്നിവ സംബന്ധിച്ച് സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നത് - സംബന്ധിച്ച്.**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

(2073/2021/എ6/അഡ്മിൻ Vol.III )

ഇനം നമ്പർ: **2023.136**

വിഷയം: **ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 3 സെക്യൂരിറ്റി ജീവനക്കാർ കരാർ വ്യവസ്ഥയിലേക്ക് മാറ്റുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.137**

വിഷയം: **31.07.2023 ന് ചേർന്ന ലൈബ്രറി ഉപദേശകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 31.07.2023 ന് ചേർന്ന ലൈബ്രറി ഉപദേശകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ചു.

ഇനം നമ്പർ: **2023.138**

വിഷയം: **ലൈബ്രറി നിയമാവലി അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ലൈബ്രറി നിയമാവലി അംഗീകരിച്ചു.

ഇനം നമ്പർ: **2023.139**

വിഷയം: **നാക് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ആസൂത്രണ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.140**

വിഷയം: **സെക്ഷൻ ഓഫീസർ കരാർ നിയമനം സംബന്ധിച്ച്.**

തീരുമാനം: അദ്ധ്യക്ഷ പാനലാണ് പരസ്യപ്പെടുത്തിയിട്ടുള്ളതെന്നും അതിനാൽ പാനൽ ആണ് ലഭിക്കേണ്ടതെന്നും ആവശ്യപ്പെട്ടു. എന്നാൽ സമിതി അംഗങ്ങൾ പാനൽ അല്ല റാങ്ക്ലിസ്റ്റ് ആണ് നൽകിയിട്ടുള്ളതെന്ന് അഭിപ്രായപ്പെട്ടു. സെക്ഷൻ ഓഫീസർ കരാർ നിയമനത്തിന്റെ റാങ്ക്ലിസ്റ്റ് അംഗീകരിച്ചു. റാങ്ക്ലിസ്റ്റിന്റെ കാലാവധി ഒരുവർഷമായിരിക്കും. സംവരണതത്വങ്ങൾ പാലിച്ച് നിയമനം നടത്താൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.141**

വിഷയം: **സർവകലാശാലാ കാമ്പസിലെ മരങ്ങൾ മുറിച്ച് വിറ്റത് സംബന്ധിച്ച അന്വേഷണക്കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയിലെ മരങ്ങൾ മുറിച്ചുമാറ്റുവാനുള്ള തീരുമാനം എവിടെ നിന്നാണ് ഉണ്ടായതെന്നും ആവശ്യകത എന്തായിരുന്നുവെന്നും ഇത് സംബന്ധിച്ച് എന്ത് പഠനമാണ് നടത്തിയത് എന്നും അതിന്റെ തെളിവുകളും നിർവാഹകസമിതി അംഗം ഡോ. ധന്യ ആവശ്യപ്പെട്ടു. സർവകലാശാലയിൽ പരിസ്ഥിതിപഠനവിഭാഗം, ഭൂമിത്ര ക്ലബ് എന്നീ സംവിധാനങ്ങൾ നിലനിൽക്കേ അവരുമായി ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാത്തതിൽ ഖേദം പ്രകടിപ്പിച്ചു. സർവകലാശാല കെട്ടിടനിർമാണത്തിന് കാമ്പസിലെ മുഴുവൻ മരങ്ങളും വെട്ടിമാറ്റണമെന്ന ഔദ്യോഗികമായി അംഗീകരിക്കാത്ത അശാസ്ത്രീയ തീരുമാനം ഏത് സാഹചര്യത്തിൽ ഏത് അധികാരിയാണ് ഈ ആവശ്യം സോഷ്യൽ ഫോറസ്റ്ററിക്ക് അയച്ചതെന്നും അറിയേണ്ടതുണ്ട്. പരിസ്ഥിതി പഠനസ്കൂൾ സർവകലാശാലയുടെ നാക് ന്റെ മാനദണ്ഡവും കാമ്പസ് ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ഡോ. സി. രാജേന്ദ്രൻ കൺവീനറായ സിൻഡിക്കേറ്റ് ഉപസമിതി നൽകിയ റിപ്പോർട്ട് നിലനിൽക്കെ അതിനെ തിരസ്കരിച്ചുകൊണ്ടാണ് മരങ്ങൾ വെട്ടിമാറ്റിയത്.

മരം മുറിയുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങൾ അന്വേഷിക്കുക മാത്രമായിരുന്നു സമിതിക്ക് നല്കിയ പരിഗണനാ വിഷയം എന്ന് ഡോ. ജെ. പ്രസാദ് മറുപടി നല്കി.

എന്നാൽ സോഷ്യൽ ഫോറസ്റ്ററി നിജപ്പെടുത്തിയതിലും വളരെ താഴ്ന്ന വിലയാണ് മരങ്ങൾ മുറിച്ചപ്പോൾ ലഭിച്ചതെന്നും ഭാവിയിൽ ഇത്തരത്തിലുള്ള അശാസ്ത്രീയ പ്രവർത്തനങ്ങൾ സർവകലാശാലയിൽ നടക്കാതിരിക്കാൻ സമിതി ശ്രദ്ധിക്കേണ്ടതാണെന്നും ഡോ. ധന്യ സൂചിപ്പിച്ചു.

നിർവാഹകസമിതി അംഗമായ ഡോ. ധന്യ ആർ. ചൂണ്ടിക്കാണിച്ച ആശങ്കകൾ പരിഗണിച്ചുകൊണ്ട് റിപ്പോർട്ട് അംഗീകരിച്ചു.

(- ഭരണവിഭാഗം)

ഇനം നമ്പർ: **2023.142**

വിഷയം: **എച്ച്.ഡി.എഫ്.സി. ബാങ്ക് സമർപ്പിച്ച പ്രൊപ്പോസൽ**

തീരുമാനം: ധനകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

( - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.143**

വിഷയം: **കമ്പ്യൂട്ടർ പ്രോഗ്രാമർ നിയമനം – പ്രവൃത്തി ഔട്ട്സോഴ്സ് ചെയ്യുന്നത് സംബന്ധിച്ച്.**

തീരുമാനം: കമ്പ്യൂട്ടർ പ്രോഗ്രാമർ നിയമനം യോഗ്യതയുള്ളവരെ കിട്ടാത്ത സാഹചര്യത്തിൽ പുനർപരസ്യം ചെയ്യാൻ തീരുമാനിച്ചു.

(2177/2019/ഡിജിറ്റൈസേഷൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.144**

വിഷയം: **സർവകലാശാലയിലെ കരാർ ജീവനക്കാർക്ക് ഡിപാർട്ട്മെന്റൽ ടെസ്റ്റുകൾ എഴുതാൻ അവസരം നൽകുന്നതിന് പി.എസ്.സി.ക്കു കത്തയക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഐ.ക്യു.എ.സി.യുടെ നേതൃത്വത്തിൽ ഐ.എം.ജി. പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഉദ്യോഗസ്ഥർക്ക് സർവീസ് ചട്ടങ്ങളിൽ പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഇനം നമ്പർ: **2023.145**

വിഷയം: **സർവകലാശാല ആസ്ഥാനമന്ദിരത്തിന്റെ ഡി.പി.ആർ തയ്യാറാക്കിയ ഇനത്തിൽ 25 ലക്ഷം രൂപ കോസ്റ്റ്ഫോർഡിന് നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: ആസൂത്രണകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

( - എഞ്ചിനീയറിങ് വിഭാഗം)

ഇനം നമ്പർ: **2023.146**

വിഷയം: **മികവ്കേന്ദ്രം നിർമാണം ഉപസമിതി റിപ്പോർട്ട്**

തീരുമാനം: തീരുമാനമെടുക്കാനായി മാറ്റിവെച്ചു.

ഇനം നമ്പർ: **2023.148**

വിഷയം: **സർവകലാശാല ഫിനാൻസ് വിഭാഗത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്ന ഉപസമിതി റിപ്പോർട്ട്**

തീരുമാനം: സർവകലാശാല ഫിനാൻസ് വിഭാഗത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്ന ഉപസമിതി റിപ്പോർട്ട് അംഗീകരിച്ചു.

( - ഭരണവിഭാഗം)

ഇനം നമ്പർ: **2023.149**

വിഷയം: **ദേശീയ/അന്തർദേശീയ സെമിനാർ നടത്തിപ്പ് സംബന്ധിച്ച ഗൈഡ്ലൈൻ നിർദ്ദേശങ്ങൾ സംബന്ധിച്ച്**

തീരുമാനം: താഴെപറയുന്ന കൂട്ടിച്ചേർക്കലുകളോടെ ദേശീയ /അന്തർദേശീയ സെമിനാർ നടത്തിപ്പ് സംബന്ധിച്ച ഗൈഡ്ലൈൻ അംഗീകരിച്ചു.

1. ബിരുദാനന്തര ബിരുദ /ഗവേഷണ വിദ്യാർത്ഥികൾ എന്നിവരായിരിക്കണം അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ, മറ്റു വിദ്യാഭ്യാസ , MoU പ്രകാരമോ എക്സ്റ്റൻഷൻ ആക്ടിവിറ്റികളുടെ ഭാഗമായോ നിർബന്ധമായും ഉൾപ്പെടുത്തേണ്ടവർ എന്നിവരെ ഗുണഭോക്താക്കളായി പരിഗണിക്കാവുന്നതാണ്

2. പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആവശ്യമായ ധനസഹായത്തിന്റെ വിശദാംശങ്ങളോടുകൂടി നിർദ്ദിഷ്ട മാതൃകയിൽ പരിപാടി നടത്താൻ ഉദ്ദേശിക്കുന്ന തീയതി സഹിതം ഒരാഴ്ച മുൻപ് രജിസ്ട്രാർക്ക് സമർപ്പിച്ചിരിക്കണം. അടിയന്തര സാഹചര്യത്തിൽ വൈസ് ചാൻസിലർക്ക് അടിയന്തര അനുമതിയും നൽകാവുന്നതാണ്. അപേക്ഷയുടെ മാതൃക കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.

4. പരിപാടികൾ പൂർത്തീകരിച്ചതിനുശേഷം 30 ദിവസത്തിനുള്ളിൽ അസ്സൽ രേഖകൾ സഹിതം സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. മുൻപ് നടത്തിയ പരിപാടികൾക്കായി മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അങ്ങനെ കൈപ്പറ്റിയ തുക ക്രമീകരിച്ചിട്ടുള്ളതായി അപേക്ഷയിൽ സ്കൂൾ ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മുൻകൂർ കൈപ്പറ്റിയ തുക ഫിനാൻസ് പരിശോധനയെ തുടർന്ന് ആവശ്യാനുസരണം നിർദ്ദേശം അനുസരിച്ച് ക്രമീകരിക്കാത്ത പക്ഷം ഫിനാൻസ് ഔദ്യോഗികമായി അറിയിക്കുന്ന ദിവസത്തിന്റെ രണ്ടാഴ്ച മുതലുള്ള തീയതി മുതൽ പിഴപ്പലിശ ഈടാക്കാവുന്ന

താണ്

5. സർവ്വകലാശാല/ മറ്റ് ഫണ്ടിങ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സമ്മേളനങ്ങൾ സെമിനാറുകൾ ശില്പശാലകൾ സിമ്പോസിയം ഹ്രസ്വകാല പരിശീലന പരിപാടികൾ എന്നിവ നിർബന്ധമായും അക്കാദമിക സ്വഭാവം ഉള്ളതായിരിക്കണം.

8. പരിപാടികൾ നിർദ്ദേശിക്കുന്ന അദ്ധ്യാപകരിലായിരിക്കും പ്രസ്തുത പരിപാടിയുടെ സാമ്പത്തിക ബാധ്യത.

10. നീക്കം ചെയ്യുക.

12. വിഷയ വിദഗ്ധർക്ക് ഒരു സെഷൻ ഒരാൾക്ക് 2000 രൂപയും, രണ്ട് സെഷനുകൾക്ക് 3500 രൂപയും,ഒരു ദിവസം മൂന്ന് സെഷൻസ് ഒരു വിഷയ വിദഗ്ധൻ കൈകാര്യം ചെയ്യുകയാണെങ്കിൽ പരമാവധി 5000 രൂപയും ഓണറേറിയം നൽകാവുന്നതാണ്. വിഷയവിദഗ്ധരുടെ പ്രാധാന്യം പരിഗണിച്ച് കൂടുതൽ ഓണറേറിയം നൽകേണ്ടതുണ്ടെങ്കിൽ വൈസ് ചാൻസലറുടെ പ്രത്യേക അനുമതിയോടെ നൽകാവുന്നതാണ്. ലോകപ്രശസ്ത ശാസ്ത്രജ്ഞർ, നോബൽ സമ്മാനജേതാക്കൾ, ജ്ഞാനപീഠം/എഴുത്തച്ഛൻ പുരസ്കാര ജേതാക്കൾ, പ്രശസ്ത കേന്ദ്രസ്ഥാപനങ്ങളുടെ മേധാവികൾ മുതലായവർക്ക് പ്രതിദിനം 10000 രൂപയും സർവകലാശാല വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ, ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട എഴുത്തുകാർ, ശാസ്ത്രജ്ഞർ, സീനിയർ പ്രൊഫസർ തത്തുല്യ തസ്തികയിലുള്ളവർ എന്നിവർക്ക് പ്രതിദിനം 5000 രൂപയും നൽകാവുന്നതാണ്.

14. മുഴുവൻ ദിന പരിപാടികൾക്ക് ഉച്ചഭക്ഷണം നൽകാവുന്നതാണ്. കാന്റീൻ ഭക്ഷണം ലഭ്യമാണെങ്കിൽ അവിടുത്തെ നിരക്കിലും അതല്ലാത്ത പക്ഷം ചായ ലഘുഭക്ഷണം എന്നിവ 20 രൂപ നിരക്കിലും ഉച്ച ഭക്ഷണം 75 രൂപ നിരക്കിലും ഒരു വ്യക്തിക്ക് സെമിനാറിനായി കണക്കാക്കാവുന്നതാണ്

16. പരിപാടിയുടെ സംക്ഷിപ്ത റിപ്പോർട്ട്, ജിയോ ടാഗ് ഫോട്ടോകൾ എന്നിവ ഐ.ക്യു.എ.സി, പ്രസിദ്ധീകരണ വിഭാഗം, വെബ്സൈറ്റ് കമ്മിറ്റി എന്നിവർക്ക് രണ്ടാഴ്ചക്കുള്ളിൽ കൈമാറേണ്ടതാണ്

18. വിമാനയാത്ര ആവശ്യമായി വരുമ്പോൾ യാത്രയുടെ /പരിപാടിയുടെ വിവരങ്ങൾ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും വൈസ് ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്. യാത്രക്കാരുടെ എണ്ണം, പേര്, യാത്രയുടെ ഉറവിടം, ലക്ഷ്യം എന്നിവ പ്രൊപ്പോസലിൽ വ്യക്തമാക്കിയിരിക്കണം. അന്താരാഷ്ട്ര അതിഥികളുടെ വിവരം ഉന്നതവിദ്യാഭ്യാസവകുപ്പിൽ അറിയിക്കേണ്ടതാണ്. ബില്ലുകൾ വൗച്ചറുകൾ സമർപ്പിക്കുന്ന കൂട്ടത്തിൽ വിമാനയാത്ര ചെലവിന്റെ ടിക്കറ്റ് ബുക്കിംഗ് കോപ്പിയും വരവിന്റെ ബോർഡിങ് പാസ് കോപ്പിയും ഹാജരാക്കേണ്ടതാണ്

19. ക്ഷണിക്കപ്പെട്ട അതിഥികൾക്കോ, പ്രബന്ധാവതരകർക്കോ, വിഷയ വിദഗ്ധർക്കോ താമസസൗകര്യം ആവശ്യമായി വരികയാണെങ്കിൽ സർവകലാശാലയ്ക്ക് സ്വന്തമായി അതിഥി മന്ദിരം ഇല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോട്ടലുകളിൽ മുറി ബുക്ക് ചെയ്യാവുന്നതാണ്.

20. വൈസ് ചാൻസലറുടെ അനുമതിയോടെ സ്പോൺസർമാരെ കണ്ടെത്താവുന്നതാണ്. സ്പോൺസർമാരിൽ നിന്നോ പങ്കെടുത്തവരിൽ നിന്നോ രജിസ്ട്രേഷൻ ഫീ, ഡെലിഗേറ്റ് ഫീ തുടങ്ങിയവയോ മറ്റേതെങ്കിലും ഇനത്തിലുള്ള വരുമാനമോ ലഭിക്കുന്നപക്ഷം കേരള ഫിനാൻഷ്യൽ കോഡിൽ വിവരിച്ചുള്ളത് അനുസരിച്ച് ലഭിച്ച തുകയ്ക്ക് രസീത് നൽകി അക്കൗണ്ട് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന തുക ആവശ്യമായി വരുന്ന പക്ഷം വൈസ് ചാൻസലറുടെ/രജിസ്ട്രാറുടെ അനുമതിയോടെ പരിപാടിക്കായി വിനിയോഗിക്കാവുന്നതാണ്.

21. അന്തർദേശീയ സെമിനാറുകൾക്ക് 20% വിഷയവിദഗ്ധർ/ പങ്കാളികൾ രാജ്യത്തിന് പുറത്ത് നിന്നുള്ള വരും 50% പേർ കേരളത്തിലെ മറ്റു സർവകലാശാലകളിൽ നിന്നുള്ള വരും ആയിരിക്കുന്നത് അഭികാമ്യമായിരിക്കും. ദേശീയ അന്തർദേശ സെമിനാറുകൾ മറ്റു സർക്കാർ അംഗീകൃത അക്കാദമിക് സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്താവുന്നതാണ്.

23. പരിപാടി നടത്തിപ്പ് ചുമതലയുള്ള ഓർഡിനേറ്റർ/ കൺവീനർ ഡ്യൂറബിൾ പർച്ചേസുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും വാങ്ങിയ സാധനങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ അതത് സ്കൂളുകളിൽ സൂക്ഷിക്കേണ്ടതും ആണ്

24. പരിപാടി സംബന്ധിച്ച യാത്രകൾക്ക് ഒഴിവുള്ള പക്ഷം സർവകലാശാല വാഹനങ്ങൾ വൈസ് ചാൻസലറുടെ മുൻകൂർ അനുമതിയോടുകൂടി ഉപയോഗിക്കാവുന്നതാണ്. വാഹനം ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ പുറത്തുനിന്ന് സർവകലാശാല അനുവദിക്കുന്ന നിരക്കിൽ വാഹനം ഉപയോഗിക്കാവുന്നതുമാണ്

25. മുൻകൂർ അനുമതി വാങ്ങാതെയുള്ള ചെലവുകൾ ഉണ്ടായാൽ അവ ബജറ്റിൽ അനുവദിക്കപ്പെട്ട തുകയിൽ കവിയാൻ പാടുള്ളതല്ല.അങ്ങനെ ഒരു സാഹചര്യം ഉണ്ടാകുന്ന പക്ഷം അത് വൈസ് ചാൻസലർ/ രജിസ്ട്രാറിൽ നിന്ന് തദവസരത്തിൽ തന്നെ അനുമതി വാങ്ങി ചെയ്യേണ്ടതുണ്ട്.

29. നീക്കം ചെയ്യുക.

ഇനം നമ്പർ: **2023.150**

വിഷയം: **കേരള ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ 23.03.2023 ലെ ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: കേരള ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി യുടെ 23.03.2023 ലെ ശുപാർശകൾ നടപ്പാക്കുന്നത് അംഗീകരിച്ചു.

(ജനറൽ/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.151**

വിഷയം: **സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവെച്ചത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: ധനകാര്യ ഉപസമിതിയുടെ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

(2488/എ1/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.152**

വിഷയം: **ആരോഗ്യസർവകലാശാലയുമായി ധാരണാപത്രം ഒപ്പ് വെച്ചത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: ആരോഗ്യസർവകലാശാലയുമായി ധാരണാപത്രം ഒപ്പ് വെച്ചത് റിപ്പോർട്ട് അംഗീകരിച്ചു.

ഇനം നമ്പർ: **2023.153**

വിഷയം: **21.11.2023 ന് ചേർന്ന അക്കാദമിക് കൗൺസിലിന്റെ ഇരുപത്തിയേഴാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 21.11.2023 ന് ചേർന്ന അക്കാദമിക് കൗൺസിലിന്റെ ഇരുപത്തിയേഴാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ചു.

ഇനം നമ്പർ: **2023.154**

വിഷയം: **ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സർവകലാശാല അദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് കോടതിവിധികൾ നടപ്പാക്കുന്നതിന് സൊസൈറ്റി ഫോർ എഡ്യുക്കേഷൻ & എംപവറിങ് ദ ഡിസേബ്ൾഡ് എന്ന സംഘടനയുടെ ജനറൽ സെക്രട്ടറി നൽകിയ നിവേദനം പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: നിയമകാര്യ ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(767/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.155**

വിഷയം: **ഡോ. ഗണേഷ് സി., ഡോ. സ്മിത കെ. നായർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീമിന്റെ ഭാഗമായി സ്ഥാനക്കയറ്റം നൽകിയത് സാധൂകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: ഡോ. ഗണേഷ് സി., ഡോ. സ്മിത കെ. നായർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീമിന്റെ ഭാഗമായി സ്ഥാനക്കയറ്റം നൽകിയത് അംഗീകരിച്ചു.

ഇനം നമ്പർ: **2023.156**

വിഷയം: **സർവകലാശാലക്ക് കൺസൾട്ടൻസി നയം രൂപീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലക്ക് കൺസൾട്ടൻസി നയം അംഗീകരിച്ചു.

(874/എ1/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.89**

വിഷയം: **ചരിത്രപഠന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മഞ്ജുഷ.ആർ.വർമ്മ യുടെ മുൻകാല സർവ്വീസ് പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2023.96**

വിഷയം: **സർവകലാശാല അനദ്ധ്യാപക ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട് 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമി തിയുടെ ശുപാർശ പരിഗണിക്കുന്നത് (62-ാമത് നിർവ്വാഹക സമിതിയുടെ ഇനം നമ്പർ ) - സംബന്ധിച്ച്.**

തീരുമാനം: സർവകലാശാല അനദ്ധ്യാപക ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധ പ്പെട്ട് 2023.34 ഇനം നമ്പർ തീരുമാനപ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ അംഗീകരിച്ചു.

(2073/2021/എ.എ.ഒ)

ഇനം നമ്പർ: **2023.97**

വിഷയം: **സർവകലാശാല ശുചീകരണ/പാചക/തോട്ടം തൊഴിലാളികളുടെ സേവനം ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(1171/എ6/2020/അഡ്മിൻ Vol.III)

ഇനം നമ്പർ: **2023.99**

വിഷയം: **സർവ്വകലാശാല പബ്ലിക്കേഷൻ ഓഫീസർക്ക് നൽകിയ പി.ആർ.ഒ യുടെ അധികചുമതല ഒഴിവാക്കുന്നതും, പബ്ലിക്കേഷൻ ഓഫീസർ ഉൾപ്പെടെ 3 ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു നൽകിയ വിഷയത്തിൽ 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗ ണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സ്റ്റാഫ് ഉപസമിതിയുടെ പരിഗണനക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

(2073/2021/എ6/അഡ്മിൻ/Vol.III)

**ചർച്ചക്കിടയിൽ ഉടലെടുത്ത മറ്റ് ഇനങ്ങൾ**

ഇനം നമ്പർ: **2023.158**

വിഷയം: **രജിസ്ട്രാർ മാതൃസ്ഥാപനത്തിലേക്ക് പോകുന്നതിനായി സമർപ്പിച്ച കത്ത്**

രജിസ്ട്രാർ മാതൃസ്ഥാപനത്തിലേക്ക് പോകുന്നതിനായി സമർപ്പിച്ച കത്ത് അംഗീകരിച്ചു.

**<u>ചർച്ച ചെയ്ത മറ്റ് വിഷയങ്ങൾ</u>**

നിർവാഹകസമിതി കൂടുന്നതിന് നോട്ടീസ് നല്കുന്നതുമായി ബന്ധപ്പെട്ട് ആക്റ്റിലോ സ്റ്റാറ്റ്യൂട്ടിലോ പ്രത്യേകിച്ച് ഒന്നും സൂചിപ്പിക്കാതിരിക്കുകയും മറ്റ് സമിതികൾ കൂടുന്നത് സംബന്ധിച്ച് വ്യക്തത ഉണ്ടായിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളണ മെന്ന ഡോ. ജെ. പ്രസാദിന്റെ നിർദേശത്തെ തുടർന്ന് നിർവാഹകസമിതിക്ക് കുറഞ്ഞത് രണ്ടാഴ്ച മുമ്പും അടിയന്തിര നിർവാഹക സമിതിക്ക് ഒരാഴ്ച മുമ്പും നോട്ടീസും അജണ്ടയും അയച്ചു നൽകണമെന്ന തീരുമാനം കൈക്കൊണ്ടു.

നിർവാഹകസമിതിയിലെ ഒരംഗം സർവകലാശാലയിലെ ഒരു അനദ്ധ്യാപക ജീവനക്കാരനെ പിരിച്ചുവിട്ട കാര്യം വീണ്ടും പരാമർശിക്കുകയും, അദ്ധ്യക്ഷ അദ്ദേഹത്തെ പിരിച്ചുവിട്ടിട്ടില്ലെന്നും അദ്ദേഹത്തിന്റെ കരാർ കാലാവധി കഴി ഞ്ഞതാണെന്നും സഭയെ അറിയിച്ചു.

യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ